യാത്രാവിവരണം

ഡോ. അബ്ദുസ്സലാം വാണിയമ്പലം

### യൂറോപ്പിൽ ഇങ്ങനെയാകുന്നു ഇസ്‌ലാം-2

# സഊദ് റമദാനും ശൈഖ് യഹ്‌യാ ബാസലാമയും



● സഊദ് റമദാൻ സ്ഥാപിച്ച ഇസ്‌ലാമിക് സെന്റർ

**സഈദ്** റമദാനെ ഓർക്കുന്നില്ലേ? ഇമാം ഹസനുൽ ബന്നയുടെ മകളുടെ ഭർത്താവും പ്രമുഖ ചിന്തകനുമായിരുന്ന അദ്ദേഹം ജമാൽ അബ്ദുന്നാസിറിന്റെ പീഡനങ്ങളിൽ നിന്ന് രക്ഷപ്പെട്ടത് അവസാനം യൂറോപ്പിലേക്കായിരുന്നു. മറ്റുപലരും അറബ് നാടുകളിൽ സ്ഥിരവാസമുറപ്പിച്ചപ്പോൾ സഈദ് റമദാൻ യൂറോപ്പ് തെരഞ്ഞെടുത്തത് അദ്ദേഹത്തിന്റെ വ്യതിരിക്തതയുടെ ഭാഗം തന്നെയായിരുന്നു. പരമ്പരാഗത ചിന്തകളിൽ നിന്നും ശൈലികളിൽ നിന്നും ഭിന്നമായ രീതിയായിരുന്നു റമദാന്റേത്. പണ്ഡിതനെന്നതിലുപരി ചിന്തകനായിരുന്നു റമദാൻ. പ്രമുഖ ഇഖ്‌വാൻ നേതാവായിരുന്ന ഡോ. ഹസൻ ഹത്ഹൂത് പറയുന്നു: "എന്റെ കാഴ്ചപ്പാടിൽ ഇരുപതാം നൂറ്റാണ്ടിന്റെ പ്രസംഗകനായിരുന്നു സഈദ് റമദാൻ. ലോ കോളേജിൽ വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ അങ്ങനെയായിരുന്നു. അദ്ദേഹത്തെ പ്രസംഗിപ്പിക്കണമെന്ന അഭ്യർഥന വർധിച്ചപ്പോൾ ഞാൻ ഇമാം ഹസനുൽ ബന്നയെ ചെന്നുകണ്ടു. ഡിഗ്രിയും പി.ജിയും ഡോക്ടറേറ്റും പൂർത്തിയാക്കുന്നതുവരെ അദ്ദേഹത്തെ വെറുതെ വിടണം. ആയിരം പ്രവർത്തകനെക്കാൾ ഒരു ചിന്തകനാണ് പ്രസ്ഥാനത്തിന് ഗുണകരമാകുക എന്നു ഞാൻ ബന്നയോടു പറഞ്ഞു."

മർഹൂം സഈദ് റമദാൻ സ്വിറ്റ്സർലന്റിനെയാണ് തന്റെ കർമകാണ്ഡമായി തെരഞ്ഞെടുത്തത്. 1961 ൽ ജനീവയിൽ അദ്ദേഹം പ്രവർത്തനമാരംഭിച്ചു.

ജനീവയിലെത്തിയ ഉടനെ ഞാൻ സഈദ് റമദാന്റെ പ്രവർത്തനങ്ങൾ അടുത്തറിയാനും, അദ്ദേഹത്തിന്റെ മകനും യൂറോപ്പിലെ ഏറ്റവും പ്രധാനപ്പെട്ട നൂറ് വ്യക്തിത്വങ്ങളിലൊരാളായി *ടൈം* വാരിക തെരഞ്ഞെടുത്ത ചിന്തകനുമായ താരിഖ് റമദാനെ കാണാനും ശ്രമമാരംഭിച്ചു. താരിഖ് റമദാനെ കാണാനായില്ല. അദ്ദേഹം ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവായി ലണ്ടനിലാണുള്ളത്. സഈദ് റമദാന്റെ തന്നെ മറ്റൊരു മകനും എഴുത്തുകാരനും പണ്ഡിതനുമായ ഹാനി റമദാനെ കാണാനുള്ള ശ്രമങ്ങളും അദ്ദേഹം സ്ഥലത്തില്ലാത്തതിനാൽ വിജയിച്ചില്ല. ഏതായാലും സഈദ് റമദാൻ സ്ഥാപിച്ച ഇസ്‌ലാമിക് സെന്റർ സന്ദർശിക്കാമെന്നു വച്ചു. ജനീവ പട്ടണത്തിൽ തിരക്കുപിടിച്ചൊരു പാതയോരത്താണ് സെന്റർ. പരിമിതമായ സൗകര്യങ്ങൾ. ഇരുനൂറോളം പേർക്ക് നമസ്കരിക്കാനുള്ള സ്ഥലവും ഒരു ചെറിയ ലൈബ്രറിയും ചേർന്നതാണ് സെന്റർ. വെള്ളിയാഴ്ച ഖുത്ബ നിർവഹിക്കുന്നത് ഹാനി റമദാനാണ്. ലൈബ്രറിയിൽ സഈദ് റമദാന്റെയും താരിഖ് റമദാന്റെയും കൃതികൾ പരതിയെങ്കിലും സഈദ് റമദാന്റെ Islamic Law എന്ന കൃതി മാത്രമാണ് ലഭിച്ചത്. *അൽ മുസ്‌ലിമൂ*ന്റെ പഴയ കോപ്പി അന്വേഷിച്ചപ്പോൾ അതുമില്ല. താരിഖ് റമദാന്റെ കൃതികളാവട്ടെ, ഉള്ളത് ഫ്രഞ്ച് ഭാഷയിലാണ്. ഏതായാലും സഈദ് റമദാനുണ്ടാക്കിയ, ഒരുപക്ഷേ യൂറോപ്പിലെ തന്നെ ആദ്യത്തെ ഇസ്‌ലാമിക് സെന്ററുകളിലൊന്നായ ജനീവ ഇസ്‌ലാമിക് സെന്റർ അർഹമായ വിധത്തിൽ പരിപാലിക്കപ്പെടുന്നില്ലെന്നു തോന്നി. കൂടെയുണ്ടായിരുന്ന അമേരിക്കയിലെ 'കെയറി' (Council on American Islamic Relations)ന്റെ പ്രസിഡന്റ് നിഹാദ് അവദും സ്വീഡനിലെ ശൈഖ് ഹസാൻ മൂസായും ജിദ്ദ അൽ ഹയാത്ത് സ്കൂൾ ഡയറക്ടർ അബ്ദുൽ അസീസ് സാഹിബുമൊക്കെ ഇതേ വികാരം പങ്കിട്ടപ്പോൾ ഞങ്ങൾ സെന്റർ ഭാരവാഹികളോട് അക്കാര്യം തുറന്നുപറഞ്ഞു. സാമ്പത്തിക പ്രതിസന്ധിയാണ് മുഖ്യ തടസ്സം എന്നായിരുന്നു മറുപടി. ഏറെ സാധ്യതകളുള്ള യൂറോപ്പിലും മുസ്‌ലിംകൾക്ക് ഇസ്‌ലാമിന്റെ പ്രചാരണ പ്രവർത്തനങ്ങൾക്ക് വലിയ തടസ്സമായി നിൽക്കുന്നത് സാമ്പത്തിക പ്രശ്നം തന്നെയാണെന്നു പിന്നീട് മനസ്സിലായി. അമ്പതോളം രാഷ്ട്രങ്ങളും വൻ പെട്രോൾ സമ്പത്തുമുള്ള ഒരു സമുദായം നന്മയുടെ കാര്യത്തിൽ പാപ്പരായി നിൽക്കുന്നു!

സഈദ് റമദാന്റെ യൂറോപ്പിലെ പ്രവർത്തനങ്ങൾ അറിയാനുള്ള ശ്രമം തുടർന്നു. എന്നെ സഹായിച്ചുകൊണ്ടിരുന്ന സ്വിറ്റ്സർലന്റ് മുസ്ലിം യൂനിയന്റെ സജീവ പ്രവർത്തകനായ അബ്ദുൽ വഹാബ് അപ്പോഴാണ് ശൈഖ് യഹ്യാ ബാസലാമയെപ്പറ്റി പറഞ്ഞത്. സഈദ് റമദാന്റെ കൂടെ പ്രവർത്തിച്ചിരുന്ന ബാസലാമ ജീവിച്ചിരിപ്പുണ്ട്. 76 വയസ്സായിട്ടുണ്ടെങ്കിലും ചുറുചുറുക്കോടെ ഇപ്പോഴും പ്രവർത്തന രംഗത്തുണ്ട്. സൗദി പൗരനായിരുന്ന ബാസലാമയെ സ്വിറ്റ്സർലന്റിലേക്ക് കൊണ്ടുവന്നത് സഈദ് റമദാനായിരുന്നു.

സഈദ് റമദാനെപറ്റിപ്പറഞ്ഞപ്പോൾ യഹ്യാ ബാസലാമ വാചാലനായി: "ആകർഷകമായ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. സംസാരം ആരും കേട്ടിരുന്നുപോകും. യുവാക്കളും വിദ്യാർഥികളും അദ്ദേഹത്തെ കൂടുതൽ ഇഷ്ടപ്പെട്ടു. അവരുടെ കൂടെ കഴിയുവാനും വളർത്തിക്കൊണ്ടുവരുവാനും അദ്ദേഹവും പ്രത്യേകം ശ്രദ്ധിച്ചു".

പ്രസിദ്ധമായ *അൽ മുസ്ലിമൂൻ* പത്രം റമദാൻ ആരംഭിച്ചത് 1954ൽ കയ്റോവിലാണ്. ജമാൽ അബ്ദുന്നാസിറിന്റെ പീഡനമാരംഭിച്ചപ്പോൾ *അൽ മുസ്ലിമൂനു*മായി നാടുവിട്ടു. സിറിയയിൽ പോയി ഡോ. മുസ്ത്വഫസ്സിബാഇയുടെ നേതൃത്വത്തിൽ അവിടെ നിന്നു പ്രസിദ്ധീകരിച്ചു. അവിടെനിന്ന് ലബനാനിലേക്ക്. പിന്നീടാണ് ജനീവയിൽ വന്നത്. ജനീവയിൽ നിന്ന് രണ്ട് ലക്കമേ പ്രസിദ്ധീകരിക്കാനായുള്ളൂ. അക്കാലത്തെ ലോകപ്രശസ്തരായ പണ്ഡിതന്മാരായിരുന്നു *അൽ മുസ്ലിമൂനിൽ* എഴുതിയിരുന്നത്.

"ഇസ്ലാമിനു വേണ്ടി ഒരു രാജ്യത്തു നിന്ന് മറ്റൊരു രാജ്യത്തേക്ക് മാറിമാറി യാത്ര ചെയ്തുകൊണ്ടിരുന്നു സഈദ് റമദാൻ. യഥാർഥത്തിൽ മുസ്ലിം വേൾഡ് ലീഗ് സ്ഥാപിച്ചത് അദ്ദേഹമായിരുന്നു. ജോർദാനിലെ ഇഖ്വാൻ നേതാവ് മർഹൂം കാമിലുശ്ശരീഫും കൂടെയുണ്ടായിരുന്നു. മുസ്ലിം വേൾഡ് ലീഗിന്റെ ചിന്തയുമായി അദ്ദേഹം പലരെയും കണ്ടു. മൗദൂദിയും അബൂഹസൻ അലിനദ്വിയുമൊക്കെ അവരിൽ പെടുന്നു. ഈജിപ്തിൽ നിന്നു ഭിന്നമായി അറബ് രാജ്യങ്ങളിൽ വലിയ ആദരവാണ് അദ്ദേഹത്തിനു ലഭിച്ചത്. സൗദി അറേബ്യ അദ്ദേഹത്തെ തങ്ങളുടെ അമ്പാസിഡറായി നിയമിച്ചിരുന്നു. പിന്നീട് ജോർദാനും പൗരത്വം നൽകി അദ്ദേഹത്തെ ജനീവയിലെ തങ്ങളുടെ അമ്പാസിഡറാക്കി".

1958 ലാണ് റമദാൻ സ്വിറ്റ്സർലന്റിലെത്തുന്നത്. '63 ലാണ് ശൈഖ് യഹ്യാ ബാസലാമയെത്തുന്നത്. അന്നത്തെ യൂറോപ്പിലെ അവസ്ഥയെക്കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "മുസ്ലിംകളുടെതായി ഒന്നുമുണ്ടായിരുന്നില്ല ഇവിടെ. അങ്ങനെയാണ് സഈദ് റമദാൻ 1961 ൽ ഇസ്ലാമിക് സെന്ററുണ്ടാക്കുന്നത്. യൂറോപ്പിലെ തന്നെ ആദ്യ സെന്ററായിരിക്കാം ഇത്. 1978-ൽ ജനീവയിൽ സൗദി അറബ്യ ഒരു ഇസ്ലാമിക് സെന്ററുണ്ടാക്കി(ശൈഖ് യഹ്യയായിരുന്നു അവിടെ ഖുത്വ്ബ നിർവഹിച്ചത്. ഞങ്ങൾ ജുമുഅ നമസ്കരിച്ചത് അവിടെയായിരുന്നു. താരതമ്യേന സൗകര്യങ്ങളുള്ള ഒരു ഇസ്ലാമിക് സെന്ററാണത്). മുസ്ലിംകൾ മരിച്ചാൽ പൊതുശ്മശാനത്തിലാണ് ഖബറടക്കിയിരുന്നത്. ഇപ്പോൾ ചിലയിടങ്ങളിലെങ്കിലും മുസ്ലിംകൾക്ക് പ്രത്യേകമായി മഖ്ബറകൾ അനുവദിച്ചു തുടങ്ങിയിട്ടുണ്ട്".

1970 നു ശേഷം യൂറോപ്പിലേക്കുള്ള മുസ്ലിം കുടിയേറ്റം വർധിച്ചു. പൊതുവെ യൂറോപ്പിലേക്ക് മുസ്ലിംകൾ വന്നത് സ്പെയിനിന്റെ പരാജയത്തെ തുടർന്നായിരുന്നുവെന്ന് ശൈഖ് യഹ്യ അനുസ്മരിച്ചു.

സഈദ് റമദാൻ മരണമടഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മയ്യിത്ത് ഈജിപ്തിലേക്ക് കൊണ്ടുപോകാൻ ശ്രമിച്ചു. നിരന്തര ശ്രമങ്ങൾക്കൊടുവിൽ 3 ദിവസം കഴിഞ്ഞാണ്



● *ലൂസാൻ ഇസ്‌ലാമിക് സെന്ററിലെ പള്ളിയിൽ അന്യമതസ്ഥരുടെ സന്ദർശനം*


ഈജിപ്ഷ്യൻ അധികാരികൾ സമ്മതം നൽകിയത്. മദീനയിൽ ഖബറടക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. പക്ഷേ അനുവാദം ലഭിച്ചില്ല. ജീവിച്ചിരുന്ന സഈദ് റമദാനെ മാത്രമല്ല, മരിച്ച സഈദ് റമദാനെയും എല്ലാവരും പേടിച്ചുവെന്ന് ചുരുക്കം.

സ്വിറ്റ്സർലന്റ് ഒരിക്കലും അദ്ദേഹത്തെ അലോസരപ്പെടുത്തിയില്ല. സ്വിസ് പൗരത്വം അദ്ദേഹം സ്വീകരിച്ചിരുന്നില്ലെന്നേയുള്ളൂ. യൂറോപ്യൻ സമൂഹത്തിന്റെ മാന്യത സൂചിപ്പിച്ചുകൊണ്ട് യഹ്‌യ പറഞ്ഞു: "ഞങ്ങൾ ഈയാഴ്ച സ്വിസ് ആഭ്യന്തര മന്ത്രി മിസിസ് വിഡ്മെർഷ്ലെപ്റ്റിനെ സന്ദർശിച്ചു. പള്ളിമിനാരങ്ങൾക്കെതിരെ വലതു പക്ഷ കക്ഷികളുടെ പടപ്പുറപ്പാടിൽ ആശങ്ക അറിയിക്കാനായിരുന്നു സന്ദർശനം. ഹാർദമായ സ്വീകരണമാണവർ നൽകിയത്. ഗവൺമെന്റ് ഒരിക്കലും അത്തരം നിലപാടുകളെ പിന്തുണക്കില്ലെന്ന് ഞങ്ങൾക്കുറപ്പു നൽകുകയും ചെയ്തു."

മുസ്‌ലിം ന്യൂനപക്ഷം യൂറോപ്യൻ സമൂഹത്തിൽ മാറിനിൽക്കാതെ ഉൾചേരുന്നതിനെക്കുറിച്ച് ശൈഖ് യഹ്‌യാ പറയുന്ന ശ്രദ്ധേയമായൊരു കാര്യമുണ്ട്: "പൊതു സമൂഹത്തിൽ അവരുടെ സ്വാധീനം വർധിപ്പിക്കാൻ സ്വീകരിച്ച സ്ട്രാറ്റജിയാണത്. അതു വേണ്ടതുമാണ്. പക്ഷേ സ്വന്തം വ്യക്തിത്വം തന്നെ മറന്നു പോകാൻ അതിടയാക്കുമോ എന്നും ഉൾചേരുന്നതിനു പകരം ലയിച്ചു ചേരുമോ എന്നുമുള്ള ആശങ്ക എനിക്കുണ്ട്. മുസ്‌ലിം ന്യൂനപക്ഷം ശ്രദ്ധിക്കേണ്ട കാര്യമാണത്."

## മൗദൂദിയെപ്പറ്റി

മർഹൂം മൗദൂദിയെ ശൈഖ് യഹ്‌യാ മക്കയിൽ വച്ച് കണ്ടിട്ടുണ്ട്. അദ്ദേഹം അറബിയിലാണ് സംസാരിച്ചിരുന്നതെന്ന് ഓർക്കുന്നു. മൗദൂദി തമാശ പറഞ്ഞത് മറന്നിട്ടില്ല. വെറ്റില തിന്നുകൊണ്ടിരിക്കെ അതേപ്പറ്റി ചോദിച്ചപ്പോൾ 'ഇതു സ്വർഗത്തിലെ ഇല'യാണെന്നായിരുന്നു മൗദൂദിയുടെ തമാശ. നദ്‌വിയെയും അടുത്തറിയാം ശൈഖിന്. മൗദൂദിയെയും നദ്‌വിയെയും വിലയിരുത്തിക്കൊണ്ട് 'ഹിവാറുൻ ബൈനദ്ദുആതിൽ ഇസ്‌ലാം' (അതികായകന്മാരുടെ സംവാദം) എന്ന കൃതിയെഴുതിയ മക്കയിലെ മർഹൂം അഹ്‌മദ് മുഹമ്മദ് ജമാലിനെ അറിയുമോ എന്ന് ചോദിച്ചപ്പോൾ ബാസലാമ പറഞ്ഞു: "അദ്ദേഹം എന്റെ സഹപാഠിയായിരുന്നു. മൗദൂദിയെയും നദ്‌വിയെയും അടുത്ത് പരിചയപ്പെട്ടപ്പോൾ എനിക്കു തോന്നിയതിങ്ങനെയാണ്: മൗദൂദി അത്യുന്ന



● താരിഖ് റമദാൻ



● ശൈഖ് ഹസാൻ



● കാമിലുശ്ശരീഫ്

തനായ ഒരു ചിന്തകനായിരുന്നു; നദ്‌വി അത്യുന്നതനായ ഒരാത്മീയ പുരുഷനും.”

## അമേരിക്കയിലെ ഇസ്‌ലാം

'കെയറി'ന്റെ ഡയറക്ടർ നിഹാദ് അവദ് ജനീവ ഡയലോഗിൽ പങ്കെടുക്കാനെത്തിയ പ്രമുഖരിൽ പെടുന്നു. ലുസാനിലേക്കുള്ള യാത്രയിൽ അദ്ദേഹവും കൂടെയുണ്ടായിരുന്നതിനാൽ വിശദമായി സംസാരിക്കാൻ അവസരം ലഭിച്ചു.

അമേരിക്കൻ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം നിർണായക പദവിയാണ് 'കെയറി'നുള്ളത്. യു.എസ് രാഷ്ട്രീയത്തിൽ മുസ്‌ലിം സമ്മർദശക്തിയായി പ്രവർത്തിക്കാൻ 1994-ൽ രൂപീകൃതമായതാണ് 'കെയർ.' ദശകങ്ങൾക്കുമുമ്പേ ജൂതലോബി അമേരിക്കൻ രാഷ്ട്രീയത്തെ സ്വാധീനിച്ചതിന്റെ ദുരന്തഫലങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്ന മുസ്‌ലിം ലോകത്തിന് വളരെ വൈകിയാണെങ്കിലും 'കെയർ' എന്ന സംഘടന നൽകുന്ന ആത്മവിശ്വാസവും പ്രതീക്ഷയും ചെറുതല്ല.

ഇസ്‌ലാമും മുസ്‌ലിംകളുമായി ബന്ധപ്പെട്ട് എന്ത് പ്രശ്നങ്ങളുണ്ടാവുമ്പോഴും ഉടൻ അമേരിക്കൻ പ്രസിഡന്റ് മുതൽ താഴേ തട്ട് വരെയുള്ള അധികാരികളുമായി ബന്ധപ്പെടുക, രാഷ്ട്രീയത്തിൽ സമ്മർദശക്തിയായി ഉയർന്നു വരാൻ മുസ്‌ലിം ന്യൂനപക്ഷത്തെ പ്രാപ്തമാക്കുക, അമേരിക്കൻ സാഹചര്യത്തിന്റെ പ്രത്യേകതകളുൾകൊണ്ട് കാലാനുസൃതമായി ഇസ്‌ലാമിനെ പ്രതിനിധീകരിക്കുക തുടങ്ങിയ ദൗത്യങ്ങളാണ് ഈ സംഘടന നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾക്ക് അമേരിക്കയിൽ പല ഭാഗങ്ങളിലായി 36 സെന്ററുകൾ തുറന്നിട്ടുണ്ടെന്ന് നിഹാദ് അവദ് പറഞ്ഞു. സെന്ററിന്റെ കീഴിൽ നിശ്ചയിക്കപ്പെട്ട പ്രഗത്ഭരുടെ ടീം പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമായി നടത്തിവരുന്നുണ്ട്. പക്ഷേ അമേരിക്കയെ സംബന്ധിച്ചേടത്തോളം ഈ സെന്ററുകളുടെ എണ്ണം വളരെ പരിമിതമാണ്. സെന്ററുകളും മുഴുസമയ ടീമും ഇനിയും എത്രയോ വേണ്ടതുണ്ട്. അതിനു തടസ്സമെന്താണെന്ന് ചോദിച്ചപ്പോൾ നിഹാദ് പറഞ്ഞത്, സാമ്പത്തിക പ്രശ്നം തന്നെയാണ്! നല്ല സാമ്പത്തിക സ്രോതസ്സുണ്ടായാൽ കൂടുതൽ മികച്ച പ്രവർത്തനങ്ങൾ നടത്താൻ കഴിയും എന്നദ്ദേഹത്തിനുറപ്പുണ്ട്.

ഇസ്‌ലാമിനെപ്പറ്റി പഠിക്കുന്നവരുടെയും ഇസ്‌ലാം സ്വീകരിക്കുന്നവരുടെയും എണ്ണം അമേരിക്കയിൽ വർധിച്ചുവരികയാണെന്ന റിപ്പോർട്ടുകൾ നിഹാദ് അവദ് ശരിവെച്ചു. ചില അമേരിക്കൻ നേതാക്കൾക്ക് അവരുടെ ആവശ്യപ്രകാരം ഇസ്‌ലാമിനെപ്പറ്റി താൻ തന്നെ വ്യവസ്ഥാപിതമായി ക്ലാസെടുക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഒബാമയെപ്പറ്റിയുള്ള ചോദ്യത്തിന് അദ്ദേഹത്തിന്റെ പ്രതികരണം, 'പ്രസംഗങ്ങൾ



● *സഈദ് റമദാൻ*



● *നിഹാദ് അവദ്*

വളരെ പ്രതീക്ഷ നൽകുന്നതാണ്. പക്ഷേ, പ്രവർത്തനങ്ങൾ ഉണ്ടായിട്ടുവേണം' എന്നായിരുന്നു.

## ഡോ. താരിഖ് റമദാൻ

യൂറോപ്പിലും അമേരിക്കയിലും മുസ്‌ലിംകൾക്കിടയിൽ മാത്രമല്ല മറ്റുള്ളവർക്കിടയിലും ശ്രദ്ധിക്കപ്പെടുന്ന ചിന്തകനാണിന്ന് സഈദ് റമദാന്റെ മകൻ ഡോ. താരിഖ് റമദാൻ. 1962 ൽ ജനീവയിലാണ് ജനനം. വിദ്യാഭ്യാസം ഫ്രഞ്ച് സ്കൂളിലായിരുന്നു. ഫ്രഞ്ച് സാഹിത്യത്തിലും ഫിലോസഫിയിലുമാണ് ഡോക്ടറേറ്റ്. പല അമേരിക്കൻ-യൂറോപ്യൻ യൂനിവേഴ്സിറ്റികളിലും വിസിറ്റിംഗ് പ്രഫസറാണ്.

ഇമാം ഹസനുൽ ബന്നയുടെ പൗത്രനെന്ന നിലയിലുള്ള ഇസ്‌ലാമിസ്റ്റ് പാരമ്പര്യം, യൂറോപ്പിൽ ജനിച്ചുവളർന്ന പുതിയ തലമുറയിലെ മുസ്‌ലിം എന്ന നിലയിലുള്ള പാശ്ചാത്യ പാരമ്പര്യം - ഇങ്ങനെ ദ്വിമുഖങ്ങളെ സമന്വയിപ്പിക്കുന്ന വ്യക്തിത്വമാണ് താരിഖിന്റേത്.

പരമ്പരാഗത കാഴ്ചപ്പാടുകളെ നിശിതമായി നിരൂപിക്കുന്ന, പുതിയ കാലഘട്ടത്തിനനുസൃതമായി ഇസ്‌ലാമിനെ വ്യാഖ്യാനിക്കുന്ന, ഖണ്ഡിത പ്രമാണങ്ങളെ പുനർവായിക്കുന്ന സമീപനങ്ങളാണ് താരിഖ് റമദാന്റേത്, കൗതുകത്തോടെയാണ് ലോകം അവയെ നോക്കിക്കാണുന്നത്.

അതുകൊണ്ട് ശൈഖ് യഹ്‌യാ ബാസലാമയോടും അതിനുമുമ്പു സംസാരിച്ച ഡോ. അഹ്‌മദ് റാവിയോടും താരീഖ് റമദാനെക്കുറിച്ചു ചോദിച്ചറിഞ്ഞു. ഇരുവരുടെയും മറുപടി ഏകദേശം ഒന്നായിരുന്നു. "സമർഥനായ ചെറുപ്പക്കാരനാണദ്ദേഹം. പിതാവിന്റെ ബുദ്ധി സാമർഥ്യം താരിഖിന് ലഭിച്ചിട്ടുണ്ട്. സഈദ് റമദാന്റെയും പ്രപിതാവ് ഇമാം ഹസനുൽ ബന്നയുടെയും ചിന്തകളോടുള്ള പ്രതിബദ്ധത അദ്ദേഹത്തിനു ഒഴിവാക്കാനാവില്ല. അതേയവസരം അദ്ദേഹം പ്രസ്ഥാനഘടനയിലില്ല. പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാടുകൾക്കപ്പുറമുള്ള പല ചിന്തകൾ അദ്ദേഹത്തിനുണ്ടുതാനും. ആ നിലക്ക് അദ്ദേഹം ഒരു സ്വതന്ത്ര ചിന്തകൻ തന്നെയാണ്".

## ശൈഖ് ഹസാൻ മൂസയോടൊപ്പം

സ്വീഡന്റെ തലസ്ഥാന നഗരിയായ സ്റ്റോക്ക്ഹോമിലെ വലിയ പള്ളിയിൽ ഇമാമും ഖത്വീബുമാണ് ശൈഖ് ഹസാൻ. സ്വീഡനിൽ പ്രവാചക തിരുമേനിയുടെ കാർട്ടൂൺ വിവാദത്തിൽ മുസ്‌ലിം പക്ഷത്തുനിന്ന് സജീവമായി പോരാടിയ വ്യക്തി. അതേയവസരം ഇസ്‌ലാമിന്റെ പൊതുമുഖത്തെ ഉയർത്തിപ്പിടിച്ച് അതിനെ യൂറോപ്യൻ മുഖ്യധാരയിൽ കൊണ്ടുവരാൻ കരുക്കൾ നീക്കുന്ന തന്ത്രശാലിയുമാണദ്ദേഹം. സ്വീഡൻ ഗവൺമെന്റ് ഇസ്‌ലാമുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശൈഖ് ഹസാന്റെ അഭി

പ്രായമാരായുക പതിവാണ്. വാർത്താമാധ്യമങ്ങളും അദ്ദേഹത്തിന് വലിയ പ്രധാന്യം നൽകാറുണ്ട്. സന്തുലിത നിലപാടുകളാണ് സ്വീഡിഷ് ജനതക്ക് തന്നെ സ്വീകാര്യനാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. "ലണ്ടൻ സ്ഫോടനം നടന്നയുടൻ മിമ്പറിൽ നിന്ന്, ഈ ഭീകരപ്രവർത്തനം നടത്തിയത് മുസ്‌ലിംകളാണെങ്കിൽ അവർക്ക് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ലെന്ന് ഞാൻ പ്രഖ്യാപിച്ചു. എനിക്കു നേരെ മിമ്പറിലേക്ക് ഏറ് വന്നെങ്കിലും അതൊരു ഒറ്റപ്പെട്ട വ്യക്തിയുടെ പ്രതികരണം മാത്രമായിരുന്നു. സ്വീഡിഷ് മുസ്‌ലിംകളും പൊതു സമൂഹവും ആ നിലപാടിനെ ഏറെ ശ്ലാഘിക്കുകയാണ് ചെയ്തത്".



● *ലേഖകൻ യഹ്‌യാ ബാസലാമയുടെ കൂടെ*

അൾജീരിയൻ വംശജനാണ് ശൈഖ് ഹസാൻ. അവിടത്തെ ഇസ്‌ലാമിക പ്രസ്ഥാനമായ 'ഹംസി'നെപ്പറ്റിയും ഒരുപാടു സംസാരിച്ചു. പട്ടാള അട്ടിമറിക്കു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ച ഹംസ് നേതാവ് ശൈഖ് മഹ്മൂദ് നഹ്നാഹ് യഥാർഥത്തിൽ വിജയിച്ചതായിരുന്നുവെന്നും എന്നാൽ ബൂത്തഫ്‌ലീഖ വിജയിച്ചതായി വ്യാജ പ്രഖ്യാപനം നടത്തുകയാണുണ്ടായതെന്നും അദ്ദേഹം പറഞ്ഞു. പക്ഷേ മഹ്മൂദ് നഹ്നാഹ് വിഷയത്തിൽ സ്വീകരിച്ചത് വളരെ ഉയർന്ന നിലപാടായിരുന്നു. പ്രഖ്യാപിക്കപ്പെട്ട തെരഞ്ഞെടുപ്പുഫലം താനംഗീകരിക്കുന്നുവെന്നും തന്റെ വിജയത്തേക്കാൾ വലുതാണ് രാജ്യത്തിന്റെ സമാധാനമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. അദ്ദേഹത്തെപ്പോലെ അൾജീരിയൻ ജനതയുടെ ആദരം ഏറ്റുവാങ്ങിയ വ്യക്തിത്വങ്ങൾ കൂടുതലില്ലെന്നും ശൈഖ് ഹസാൻ പറഞ്ഞു.

സമൂഹത്തിൽ നല്ല വേരും സ്വാധീനവും ഉണ്ടായിരുന്നെങ്കിലും രാഷ്ട്രീയത്തിൽ നേരിട്ടിറങ്ങാൻ ഹംസ് ആദ്യം തയാറായിരുന്നില്ല. ഈ അവസരം മുതലെടുത്താണ് അബ്ബാസി മദനിയുടെ 'ഇസ്‌ലാമിക് സാൽവേഷൻ ഫ്രണ്ട്' തെരഞ്ഞെടുപ്പ് ഗോദയിലിറങ്ങിയതും ഹംസ് നടത്തിയ ഇസ്‌ലാമിക നവജാഗരണത്തെ സമർഥമായി ഉപയോഗപ്പെടുത്തിയതും. അതിന്റെ ഫലമാണ് പിന്നീടുണ്ടായ ലക്ഷങ്ങളുടെ ജീവൻ കവർന്ന ഏറ്റുമുട്ടലുകൾ. ഹംസിന് തങ്ങളുടെ നിലപാട് തെറ്റായിരുന്നുവെന്ന് ബോധ്യപ്പെട്ടു. രാഷ്ട്രീയത്തിലിറങ്ങാതെ മാറിനിന്നത് തീവ്രവാദികൾക്ക് രംഗം പിടിച്ചെടുക്കാൻ അവസരം നൽകുകയാണുണ്ടായതെന്ന് സംഘടന വിലയിരുത്തി. തുടർന്നാണ് രാഷ്ട്രീയത്തിലിറങ്ങാനും തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കാനും തീരുമാനിച്ചത്. ഇന്നിപ്പോൾ ഹംസ് കൂട്ടുകക്ഷി മന്ത്രിസഭയിൽ അംഗമാണ്. മന്ത്രിസഭയിൽ അഞ്ചു പ്രധാന വകുപ്പുകൾ കൈകാര്യം ചെയ്യുന്നത് ഹംസിന്റെ മന്ത്രിമാരാണ്". ശൈഖ് ഹസാൻ പറഞ്ഞു. ■

drsalam@aljamia.net